അനെർട്ടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതാപഠനത്തിലൂടെ 867 പദ്ധതി പ്രദേശങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കെ.എസ്.ഇ.ബി. ടെൻഡർ ചെയ്ത് പുതിയ വൈദ്യുത പദ്ധതികൾ

154 (4217) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ്യ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പ് 2010-11 കാലയളവിൽ ആകെ എത്ര പുതിയ വൈദ്യുത പദ്ധതികൾ ടെൻഡർ ചെയ്യുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഇവയിൽ ഈ കാലയളവിൽ ഇതുവരെ എത്ര എണ്ണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി ;

(സി) ശേഷിക്കുന്ന ഏതൊക്കെ പദ്ധതികൾ ഈ കാലയളവിൽ എന്നൊക്കെയായി ടെൻഡർ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ ടെൻഡർ ചെയ്യുന്ന ഈ പദ്ധതികളിലൂടെ മൊത്തം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) വൈദ്യുതി വകുപ്പ് 2010-11 കാലയളവിൽ 15 പുതിയ വൈദ്യുതി പദ്ധതികൾ ടെൻഡർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 3.5 മെഗാവാട്ടിന്റെ ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ബാക്കി ജോലികൾക്കുവേണ്ടിയുള്ള ടെൻഡറും ഇക്കൊല്ലം ക്ഷണിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് 5 ചെറുകിട ജലവൈദ്യുത പദ്ധതികളാണ് 2010 11 കാലയളവിൽ ടെൻഡർ ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിൽ ഏറ്റെടുത്തിട്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത ചെറുകിട ജലവൈദ്യുത പദ്ധതി വികസന പരിപാടിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളാണ് ഇവ.

(ബി) ജലവൈദ്യുത പദ്ധതികളുടെ ടെൻഡറുകൾ ക്ഷണിച്ചുകഴിഞ്ഞാൽ ഏകദേശം ആറുമാസമെങ്കിലും വേണം അവയുടെ നടപടികൾ പൂർത്തിയാക്കുവാൻ. 2009-10 കാലയളവിൽ ടെൻഡർ ക്ഷണിച്ച താഴെപ്പറയുന്ന പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മാങ്കുളം	–	40 മെഗാവാട്ട്
ബാരപ്ലോൾ	–	15 മെഗാവാട്ട്
ആനക്കയം	–	7.5 മെഗാവാട്ട്
പെരുന്തേനരുവി	–	6 മെഗാവാട്ട്
ആകെ	–	68.5 മെഗാവാട്ട്

അനെർട്ട് മുഖേനയുള്ള ഒരു പദ്ധതിയും ഇതുവരെ ടെൻഡർ ചെയ്തിട്ടില്ല.

(സി&ഡി) 2011 മാർച്ചിനുമുമ്പായി ടെൻഡർ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു. 2010-11 കാലയളവിൽ ടെൻഡർ ചെയ്യുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വഴി 140.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും.

1. പൊരിങ്ങൽകുത്ത്	24 MW	9-2010
2. പഴശ്ശിസാഗർ	20 MW	2-03-2010
3. കക്കയം	3.0 MW	8-2010
4. പെരുങ്കുളം ടെയിൽറേസ്	3.6 MW	7-2010
5. പിള്ളിനി	2.5 MW	8-2010
6. പെന്നുകടവ് III	6 MW	3-2011
7. പെരുവണ്ണാമൂഴി	7 MW	2-3-2011
8. അപ്പർകല്ലാർ	2 MW	8-2010
9. പീച്ചാട്	3 MW	3-2011
10. തുനപ്പർമുഴി	8 MW	3-2011
11. വെസ്റ്റേൺ കല്ലാർ	5 MW	3-2011
12. കൂടം	4.5 MW	3-2011
13. പിന്നാർ	24 MW	2-3-2011
14. അപ്പർ പെരുങ്കുളം	24 MW	3-2011
15. ആഢ്യൻപാറ (ബാറൻസ്)	3.5 MW	8-2010
16. കാരാപ്പുഴ ഡാം ടോ	0.5 MW	8-2010
(റീ ടെൻഡർ)		
	ആകെ	140 MW

LIBRARY ARCHIVES Kerala Legislative Assembly

അനെർട്ട് പേരാവൂർ ബ്ലോക്കിൽ 14 മിനി ജലവൈദ്യുത പദ്ധതികൾ ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ ഏറ്റെടുക്കാനുദ്ദേശിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് ധനസഹായം സംബന്ധിച്ച ഭരണാനുമതി ലഭ്യമായാലുടൻ ഇതിൽ 360 കിലോവാട്ട് ശേഷിയുള്ള അഞ്ചു പദ്ധതികൾ ടെൻഡർ ചെയ്യാനാകും.

കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഉൽപ്പാദന വർദ്ധന

155 (4218) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കും എന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ആദ്യ നാലുവർഷ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര മെഗാവാട്ട് വൈദ്യുതിവീതം അധികമായി ഉൽപ്പാദിപ്പിക്കാനായി എന്നറിയിക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് വർഷത്തിനകം 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി)

2006	–	2.55 മെഗാവാട്ട്
2007	–	12.50 മെഗാവാട്ട്
2008	–	69.30 മെഗാവാട്ട്
2009	–	12 മെഗാവാട്ട്
2010-ൽ ഇതുവരെ	–	100 മെഗാവാട്ട്
ആകെ	–	196.35 മെഗാവാട്ട്

(സി) ആദ്യത്തെ നാലുവർത്തിനകം പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരുന്ന എല്ലാ പദ്ധതികളും കമ്മീഷൻ ചെയ്യുവാൻ സാധിച്ചു. കൂടാതെ 123.55

LIBRARY ARCHIVES Kerala Legislative Assembly